## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5691 | 24.05.2017 ൽ മറുപടിയ്ക്ക് |
|---|---|

### അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ. ശശി** | **ശ്രീമതി.കെ.കെ.ഷൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) 1975 കളിൽ തുടങ്ങിയ അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനായി ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;; | (എ) 1975 ൽ മലപ്പുറം ജില്ലയിലെ വേങ്ങര ഐ.സി.ഡി.എസ് പ്രോജക്ടിൽ പ്രവർത്തനം ആരംഭിച്ച അങ്കണവാടികൾ പിന്നീട് സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുകയും നിലവിൽ സമൂഹവുമായി വളരെയടുത്തു പ്രവർത്തിക്കുന്ന സാമൂഹ്യ വിഭവ കേന്ദ്രങ്ങളായി മാറുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ അങ്കണവാടികളെ മികച്ച സാമൂഹ്യ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് വകുപ്പുതലത്തിൽ മികച്ച പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ പ്രകാരം അങ്കണവാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. അതുകൊണ്ട് തന്നെ അങ്കണവാടികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. അങ്കണവാടികളുടെ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അങ്കണവാടി പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും വകുപ്പ് തലത്തിൽ അവാർഡ് ഏർപ്പെടുത്തുന്ന ഒരു നൂതന പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പ് തലത്തിൽ ഒരു കർമ്മ പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ഇല്ലാത്ത അങ്കണവാടികൾക്ക് വിവിധ സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിച്ചു നൽകുകയാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളുടെയും കാര്യക്ഷമതയും പൊതുജനപങ്കാളിത്തവും |

| | |
|---|---|
| | ഉറപ്പുവരുത്തുന്നതിനായി അങ്കണവാടികളെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അങ്കണവാടികളിൽ സോഷ്യൽ ഓഡിറ്റ് നടത്തി വരുന്നു. ഗർഭിണികളുടെയും കുട്ടികളുടെയും വളർച്ച, ആരോഗ്യം എന്നിവയിൽ ശരിയായ ഇടപെടൽ നടത്തുന്നതിനായി വയനാട്,പാലക്കാട് ജില്ലകളിൽ നടത്തിവരുന്ന ജാതക് ജനനി സംവിധാനം ഇടുക്കി ജില്ലയിലെ ദേവികുളം അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിലേയ്ക്കും കണ്ണൂർ ജില്ലയിലെ ഇരിട്ടി ഐ.സി.ഡി.എസ് പ്രോജക്ടിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) സാമൂഹ്യനീതി വകുപ്പിന്റെ കണക്കുകൾ പ്രകാരം എത്ര അംഗൻവാടികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; എത്ര ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു; ജില്ല തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. |

| ജില്ല | ആകെ അങ്കണവാടികളുടെ എണ്ണം | അങ്കണവാടി വർക്കർമാരുടെ എണ്ണം | അങ്കണവാടി ഹെൽപ്പർമാരുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 3061 | 3061 | 3061 |
| കൊല്ലം | 2723 | 2723 | 2722 |
| പത്തനംതിട്ട | 1389 | 1389 | 1384 |
| ആലപ്പുഴ | 2150 | 2150 | 2150 |
| കോട്ടയം | 2050 | 2050 | 2049 |
| ഇടുക്കി | 1561 | 1561 | 1545 |
| എറണാകുളം | 2858 | 2858 | 2858 |
| തൃശ്ശൂർ | 3016 | 3016 | 3016 |
| പാലക്കാട് | 2835 | 2835 | 2832 |
| മലപ്പുറം | 3808 | 3808 | 3802 |
| കോഴിക്കോട് | 2938 | 2938 | 2921 |
| വയനാട് | 874 | 874 | 832 |
| കണ്ണൂർ | 2504 | 2504 | 2502 |
| കാസർഗോഡ് | 1348 | 1348 | 1312 |
| ആകെ | **33115** | **33115** | **32986** |

| | |
|---|---|
| (സി)അടുത്ത കാലങ്ങളിൽ സർക്കാർ-എയ്ഡഡ്-സ്വകാര്യ മേഖലകളിലെ പ്രീ-പ്രൈമറി സ്കൂൾ വിഭാഗക്കാർ പല വാഗ്ദാനങ്ങളും നൽകി 3 മുതൽ 5 വയസ്സു വരെയുള്ള കുട്ടികളെ കൊണ്ടു പോകുന്നതു | (സി) സർക്കാർ-എയ്ഡഡ്-സ്വകാര്യ മേഖലകളിലെ പ്രീസ്കൂൾ വിഭാഗക്കാരുടെ അമിത കടന്നുകയറ്റം മൂലം അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളത് വകുപ്പിന്റെ |

| | |
|---|---|
| മൂലം,അംഗൻവാടികളുടെ പ്രവർത്തനങ്ങളിലുണ്ടായ പ്രശ്നങ്ങളിൽ കുട്ടികളുടെ കുറവ് ഒരു പ്രധാന പ്രശ്നമായി വരുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ പ്രസ്തുത മേഖലയുടെ കടന്നു കയറ്റം തടയുന്നതിന് നടപടി സ്വീകരിയ്ക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്കണവാടികളിലെ പ്രീ സ്കൂൾ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക, അങ്കണവാടികളിലൂടെ നൽകുന്ന സേവനങ്ങൾ സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് വർഷത്തിൽ രണ്ടു പ്രാവശ്യം (ജൂൺ 1, നവംബർ 1 ) സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും പ്രവേശനോത്സവം സംഘടിപ്പിക്കുന്നുണ്ട്. ആറ് വയസുവരെയുള്ള കാലയളവിൽ കുട്ടികൾക്ക് ലഭിക്കുന്ന അനുഭവങ്ങളാണ് കുട്ടികളുടെ ശാരീരിക മാനസിക വൈജ്ഞാനിക വികാസത്തിന് സുപ്രധാന പങ്ക് വഹിക്കുന്നത് എന്ന തിരിച്ചറിവോടെ ശൈശവ കാല പരിചരണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പ്രാധാന്യം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതികൾ ആണ് അങ്കണവാടികളിലെ അനൗപചാരിക വിദ്യാഭ്യാസ പദ്ധതി പ്രകാരം നൽകി വരുന്നത്. ഇത് സംബന്ധിച്ച ബോധവൽക്കരണം അങ്കണവാടികൾ മുഖേന നൽകുന്നുണ്ട്. അങ്കണവാടികളുടെ പ്രവർത്തന മികവ് അങ്കണവാടി പ്രവർത്തകരുടെ കാര്യക്ഷമതയെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ അങ്കണവാടി പ്രവർത്തകർക്കായി മെച്ചപ്പെട്ട പരിശീലന പരിപാടികൾ വകുപ്പ് തലത്തിൽ നൽകി വരുന്നു. ഇപ്രകാരം അങ്കണവാടികളിലൂടെ നൽകുന്ന സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുക വഴി കൂടുതൽ കുട്ടികളെ അങ്കണവാടികളിലേയ്ക്ക് ആകർഷിക്കാൻ സാധിക്കുന്നതാണ്. |
| (ഡി)സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്തതും സുരക്ഷ ഉറപ്പില്ലാത്ത കെട്ടിടമുള്ളതുമായ എത്ര അംഗൻവാടികളുണ്ടെന്നും ഇവർക്ക് സ്വന്തമായ കെട്ടിടം ഉറപ്പുവരുത്തുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | (ഡി)സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത 8776 അങ്കണവാടികൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത മുഴുവൻ അങ്കണവാടികൾക്കും അടുത്ത 3 വർഷത്തിനകം കെട്ടിടം നിർമ്മിച്ചു നൽകുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ